**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** — **06-07-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നിന്റെ ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പുതുതലമുറയുടെ മയക്കുമരുന്ന് ഉപയോഗം വലിയ തോതിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് എതിരെ ശക്തമായ നടപടി സ്വീകരിക്കാൻ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ആണ് സ്വീകരിച്ചു വരുന്നത്; | (എ) | ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളിലൂടെയും വിമുക്തി മിഷൻ മുഖേനയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും പുതുതലമുറയുടെ മയക്കുമരുന്ന് ഉപയോഗം ഇല്ലാതാക്കുന്നതിന ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. പുതുതലമുറ ഒന്നിച്ചുകൂടുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ഷോപ്പിംഗ് മാളുകൾ, ഡി.ജെ പാർട്ടികൾ, സിനിമാ ചിത്രീകരണ സ്ഥലങ്ങൾ ഹോട്ടലുകൾ, റിസോർട്ടുകൾ, ബസ്സ സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. യുവാക്കൾ സംഗമിക്കുന്ന ഫ്ളാറ്റുകൾ പോലെയുള്ള കേന്ദ്രങ്ങൾ യുവാക്കൾ റേസിംഗ് ബൈക്കുകളിൽ അധികമായി ഒത്തു കൂടുന്ന ഇടങ്ങൾ, സ്കൂൾ കോളേജ്, ഹോസ്റ്റൽ പരിസരങ്ങൾ പ്രാദേശികമായി ഉത്സവങ്ങളും പെരുന്നാളുകളും, മറ്റ് ആഘോഷങ്ങളും നടക്കുന്ന ഇടങ്ങൾ എന്നിവിടങ്ങളിൽ രഹസ്യ നിരീക്ഷണവും, പരിശോധനയും നടത്തുന്നുണ്ട്. പുതുതലമുറ മയക്കുമരുന്ന് കടത്തിന അധികമായി ആശ്രയിക്കുന്ന ദീർഘദൂര ബസ്സുകൾ പോലീസുമായി ചേർന്നും ട്രെയിനുകൾ റെയിൽവേ സംരക്ഷണ സേനയുമായി ചേർന്നും പരിശോധിച്ചുവരുന്നു. |
| (ബി) | വിമുക്തി മുഖേന സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി മയക്കുമരുന്ന് വിരുദ്ധ | (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കുമോ; | | ലഹരി ഉപയോഗം തടയുന്നതിനായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് ശരിയായ അറിവ് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനാണ് വിമുക്തി പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നു. അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിലും ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു ടി കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും, ആർട്ട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് "കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകവും, വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകരും രക്ഷകർത്താക്കളു ശ്രദ്ധിക്കേണ്ട കാര്യങ്ങളും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽ നിന്ന പിൻതിരിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി "കരുതൽ" എന്ന പേരിൽ ഒര കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്ക് വിതരണം നടത്തി വരുന്നു. |
| (സി) | മയക്കുമരുന്നിനെതിരെ വ്യാപകമായി നിരന്തരം റെയ്ഡുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | മയക്കുമരുന്നിനെതിരെ എക്സൈസ് വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ സംയോജിതമായും പോലീസ്, ഫോറസ്റ്റ്, റവന്യൂ തുടങ്ങിയ മറ്റ് വകുപ്പുകളുമായി ചേർന്നും നിരന്തരം റെയ്ഡുകൾ നടത്തി വരുന്നുണ്ട്.<br><br>ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഫീൽഡു തലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, മേജർ കേസ്സുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ എന്നിവയും കൂടാതെ സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള ഒരു സ്ക്വാഡും മൂന്ന് മേഖലാ സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു..<br><br>ആഘോഷങ്ങളിലും, ഉത്സവങ്ങളിലും ലഹരി ഉപയോഗം തടയുന്നതിനായി അത്തരം ഇടങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഓണം, ക്രിസ്തുമസ്, പുതുവത്സര ആഘോഷം, പൊതു തെരഞ്ഞെടുപ്പ് തുടങ്ങിയ അവസരങ്ങളിൽ എക്സൈസ് വകുപ്പ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടപ്പിലാക്കി, ലഹരി ഉത്പ്പാദനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം, കടത്ത്, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ